പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2373** 8-12-2015 ൽ മറുപടിക്ക്

# ചേർത്തല ആട്ടോകാസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ ചേർത്തല ആട്ടോകാസ്റ്റിൽ എത്ര പുതിയ നിയമനങ്ങൾ നടന്നു ; പ്രസ്തുത കാലയളവിൽ ഉണ്ടായ ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും വ്യക്തമാക്കുമോ ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ ആട്ടോകാസ്റ്റിൽ, സ്റ്റീൽ കാസ്റ്റിംഗ് ലൈനിലേക്ക് 103 പേരെ ട്രെയിനികളായും, റിട്ടയർമെന്റ് ഒഴിവിലേക്ക് 10 പേരെയും ആശ്രിത നിയമന പ്രകാരം 14 പേരെയും നിയമിച്ചു. ഈ കാലയളവിൽ 11394.87 MT ഉൽപ്പാദനവും 8239.37 ലക്ഷം രൂപ വരുമാനവും ഉണ്ടായി. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണം വ്യവസായ വകുപ്പ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും ആരാണ് ഉത്തരവാദിയെന്നും വ്യക്തമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആട്ടോകാസ്റ്റിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ക്ക്, പ്രവർത്തന മൂലധനമായും ഇതിനോടകം 18.75 കോടി രൂപ നൽകിയിട്ടുണ്ട്. സർക്കാർ ധനസഹായത്തിൽ ലഭിച്ച ഉപകരണങ്ങൾ ഒട്ടുമിക്കതും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും ബാക്കിയുള്ളവ ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രവർത്തന സജ്ജമാകുന്നതുമാണ്. |
| (സി) ആട്ടോകാസ്റ്റിന്റെ സ്ഥലം വൈദ്യുതി കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബോർഡിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപ്രകാരം തീരുമാനം കൈക്കൊണ്ടത് ആരാണെന്ന് പറയുമോ ; | (സി) ഇല്ല |

| | | | |
|---|---|---|---|
| (ഡി) | റെയിൽവേയുമായി ചേർന്നുള്ള ജോയിൻറ് വെഞ്ചർ സംരംഭം എന്തുകൊണ്ടാണ് മുടങ്ങിയതെന്ന് വ്യക്തമാക്കുമോ ; | (ഡി) | റെയിൽവേയുമായി ചേർന്നു കമ്പനിയുടെ പുനരുദ്ധാരണത്തിന് നടത്തിയ നീക്കങ്ങളിൽ സംയുക്ത സംരംഭം എന്ന ആശയത്തിന് പകരം ' അഷേർഡ് ഓഫ് ടേക്ക്' എന്ന പുതിയ ഒരു പദ്ധതി റെയിൽവേമുന്നോട്ട് വച്ചുവെങ്കിലും. പ്രസ്തുത പദ്ധതി സർക്കാരിനോ, ആട്ടോകാസ്റ്റിനോ സഹായകരമല്ലെന്ന് കണ്ടതിനാൽ പദ്ധതി വേണ്ടെന്നു വയ്ക്കുകയായിരുന്നു. |
| (ഇ) | അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ആട്ടോകാസ്റ്റിൽ അനധികൃതമായി നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ? | (ഇ) | ഇല്ല. |

Hanu
സെക്ഷൻ ഓഫീസർ